**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3217** **14-02-2024 - ൽ മറുപടിയ്ക്ക്**

**യുവജനക്ഷേമ ബോർഡിന്റെ പ്രധാന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം യുവജനക്ഷേമ ബോർഡ് മുഖേന നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രധാന പദ്ധതികൾ എന്തെല്ലാമാണെന്നും എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു വരുന്നുവെന്നും വിശദമാക്കാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം യുവജനക്ഷേമ ബോർഡ് മുഖേന നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രധാന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

# കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്

**എ) 1. പരിപാടിയുടെ പേര് : കേരളോത്സവം**

**പരിപാടി സംബന്ധിച്ച വിവരണം: ജില്ലാതലവും സംസ്ഥാന തലവും സംഘടിപ്പിച്ചു.**

**ഗുണഭോക്താക്കൾ :** ജില്ലാതല കേരളോത്സവങ്ങളിൽ ആകെ 8013 മത്സരാർത്ഥികളും 929 ക്ലബ്ബുകളും പങ്കെടുത്തു. സംസ്ഥാനതല കേരളോത്സവത്തിൽ 517 മത്സരാർത്ഥികളും 112 ക്ലബ്ബുകളും പങ്കെടുത്തു. മത്സരാർത്ഥികളുടെയും ക്ലബ്ബുകളുടെയും പങ്കാളിത്തം കണക്കിലെടുത്താൽ സംസ്ഥാനത്താകെ 70000 ത്തോളം യുവജനങ്ങൾക്ക് ഈ പദ്ധതിയിലൂടെ ഗുണം ലഭിച്ചിട്ടുണ്ട്.

**2. പദ്ധതിയുടെ പേര് : കാർഷിക ക്ലബ്ബുകളുടെ രൂപീകരണം- 'കതിർ' ക്ലബ്ബുകൾ**

**പരിപാടി സംബന്ധിച്ച വിവരണം :** യുവാക്കളെ കാർഷിക രംഗത്തേയ്ക്ക് ആകർഷിക്കുന്നതിനും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനുമായി ഒരു ജില്ലയിൽ 'കതിർ' എന്ന പേരിൽ 10 കാർഷിക ക്ലബ്ബുവീതം 14 ജില്ല കളിലുമായി ആകെ 140 ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. പ്രാഥമിക പ്രവർത്തനങ്ങൾക്കായി ഒരു ക്ലബ്ബിന് 5,000 രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ ഈ ക്ലബ്ബുകളെ ഉൾപ്പെടുത്തി കാർഷികമത്സരങ്ങൾ സംഘടിപ്പിക്കുന്നു.

**ഗുണഭോക്താക്കൾ :** സംസ്ഥാനത്തെ 140 ക്ലബ്ബുകളിൽ നിന്നുമായി 7000 ത്തോളം യുവ കർഷകർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി മാറും.

**3. പദ്ധതിയുടെ പേര് : യുവതീ ക്ലബ്ബുകളുടെ രൂപീകരണം - 'അവളിടം' ക്ലബ്ബുകൾ**

**പരിപാടി സംബന്ധിച്ച വിവരണം :** യുവതീശാക്തീകരണത്തിന്റെ ഭാഗമായി പഞ്ചായത്ത്/മുനിസിപ്പാലിറ്റി എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഒരെണ്ണം എന്ന നിലയിലും കോർപ്പറേഷനിൽ 2 എണ്ണം എന്ന നിലയിലും സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് 'അവളിടം' - voice of young women- എന്ന പേരിൽ 1040 യുവതീ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്.

**ഗുണഭോക്താക്കൾ :** സംസ്ഥാനത്തെ 1040 ക്ലബ്ബുകളിലുമായി 52000 ത്തോളം യുവതികൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി മാറും.

**4. പദ്ധതിയുടെ പേര് : ഭിന്നശേഷിക്കാർക്കുള്ള ക്ലബ്ബുകളുടെ രൂപീകരണം - 'YES' ക്ലബ്ബുകൾ**

**പരിപാടി സംബന്ധിച്ച വിവരണം :** ഒരു ജില്ലയിൽ ഒരു ക്ലബ്ബ് എന്ന രീതിയിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്കായി 'YES' എന്ന പേരിൽ സംസ്ഥാനത്ത് ആകെ 14 ക്ലബ്ബുകൾ രൂപീകരിക്കുന്നു. 15 നും 40 നും മദ്ധ്യേ പ്രായമുള്ള ബുദ്ധിപരമായി വൈകല്യമുള്ളവരാണ് (Intellectually disabled) ഈ ക്ലബ്ബിലെ അംഗങ്ങൾ. രക്ഷാധികാരികൾ അടങ്ങിയ ഒരു സമിതിയായിരിക്കും ഈ ക്ലബ്ബിന്റെ ഭാരവാഹികൾ. ക്ലബ്ബുകളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഒരു ക്ലബ്ബിന് 5000 രൂപ വീതം സാമ്പത്തിക സഹായം അനുവദിച്ചു. കൂടാതെ ഈ ക്ലബ്ബുകളുടെ പങ്കാളിത്തത്തോടെ യാത്രകൾ, പ്രമുഖ വ്യക്തികളുമായുള്ള ഇൻട്രാക്ഷൻ, വിവിധ പരിശീലന ക്യാമ്പുകൾ തുടങ്ങിയ പരിപാടികൾ ജില്ലാടിസ്ഥാനത്തിലും സംസ്ഥാനാടിസ്ഥാനത്തിലും സംഘടിപ്പിക്കുന്നു.

**ഗുണഭോക്താക്കൾ :** സംസ്ഥാനത്തെ 14 ക്ലബ്ബുകളിലുമായി ബുദ്ധിപരമായി വൈകല്യം സംഭവിച്ചവരും അവരുടെ രക്ഷിതാക്കളുമടക്കം 1400 ഓളം പേർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകും.

**5. പദ്ധതിയുടെ പേര് : ട്രാൻസ് ജെൻഡേഴ്സ് ക്ലബ്ബുകളുടെ രൂപീകരണം- 'മാരിവില്ല്' ക്ലബ്ബ്**

**പരിപാടി സംബന്ധിച്ച വിവരണം :** ട്രാൻസ് ജെൻഡർ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്കായി ഒരു ജില്ലയിൽ ഒരു ട്രാൻസ് ജെൻഡർ ക്ലബ്ബ് എന്ന നിലയിൽ സംസ്ഥാനത്താകെ 'മാരിവില്ല്' എന്ന പേരിൽ 14 ക്ലബ്ബുകൾ രൂപീകരിച്ചു. ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾക്കായി ഒരു ക്ലബ്ബിന് 5000 രൂപ വീതം സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ ഈ ക്ലബ്ബുകളുടെ പങ്കാളിത്തത്തോടെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു.

**ഗുണഭോക്താക്കൾ :** സംസ്ഥാനത്തെ 14 ക്ലബ്ബുകളിൽ നിന്നുമായി ഈ വിഭാഗത്തിലുള്ള 1400 ഓളം പേർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകുന്നു.

**6. പദ്ധതിയുടെ പേര് : യൂത്ത്-യുവാക്ലബ്ബുകൾക്ക് ധനസഹായം**

**പരിപാടി സംബന്ധിച്ച വിവരണം :** യുവജനക്ഷേമ ബോർഡുമായി സഹകരിച്ച് പ്രവർത്തിക്കുന്ന യൂത്ത് ക്ലബ്ബുകളിലും യുവജനക്ഷേമ ബോർഡ് നേരിട്ട് രൂപീകരിച്ച യുവാ ക്ലബ്ബുകളിലും നിന്ന് കഴിഞ്ഞ 1 വർഷം പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്ന 290 യൂത്ത് ക്ലബ്ബുകൾക്ക് 5,000 രൂപ വീതം ക്ലബ്ബുകളുടെ തുടർപ്രവർത്തനത്തിനായി ധനസഹായം നൽകുന്നു.

**ഗുണഭോക്താക്കൾ :** സംസ്ഥാനത്തെ 290 ക്ലബ്ബുകളിൽ നിന്നുമായി 50000 ത്തോളം യുവജനങ്ങൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകുന്നു.

**7. പദ്ധതിയുടെ പേര് : ടീം കേരള (കേരള വോളന്റെറി യൂത്ത് ആക്ഷൻ ഫോഴ്സ്)**

**പരിപാടി സംബന്ധിച്ച വിവരണം :** പ്രകൃതിദുരന്തങ്ങൾ, മഹാമാരികൾ തുടങ്ങിയവ ഉണ്ടാകുമ്പോൾ അവയെ നേരിടാൻ സജ്ജമായയുവജന പങ്കാളിത്തത്തോടെയുള്ള വോളന്റിയർമാരെ തയ്യാറാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സേനയാണ് ടീം കേരള (കേരള യൂത്ത് ഫോഴ്സ്). 2018 ലെ പ്രളയത്തോടെയാണ് ഈ സേനക്ക് രൂപം നൽകിയത്. 2018 ഡിസംബർ 19 ന് ബഹു.മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ സേനയുടെ ഔദ്യോഗിക പ്രഖ്യാപനം നടത്തി. ഈ സേന രൂപീകരിച്ച കാലഘട്ടത്തിൽ കേരള വോളന്റെറി യൂത്ത് ആക്ഷൻ ഫോഴ്സ് (KVYAF) എന്നാണ് അറിയപ്പെട്ടിരുന്നത്..

**ഗുണഭോക്താക്കൾ :** സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുമായി 60000 ത്തോളം യുവജനങ്ങൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി മാറും. കൂടാതെ സമൂഹത്തിന്റെ എല്ലാ മേഖലയിലുള്ളവരും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്.

**8. പദ്ധതിയുടെ പേര് : പരീക്ഷാ പരിശീലന പദ്ധതി**

**പരിപാടി സംബന്ധിച്ച വിവരണം :** സംസ്ഥാനത്തെ യുവജനങ്ങൾക്ക് വിവിധ മേഖലകളിലെ പരീക്ഷകളിലും അഭിമുഖങ്ങളിലും ഉന്നതവിജയം കരസ്ഥമാക്കുന്നതിന് ഉപയുക്തമായ രീതിയിൽ അവർക്ക് പരിശീലനം നൽകുന്ന പദ്ധതിയാണിത്. മാറുന്ന ഈ സാഹചര്യത്തിൽ യുവജനക്ഷേമ ബോർഡ് ഡിജിറ്റൽ പ്ലാറ്റ് ഫോമുകളുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി ഓൺലൈൻ മുഖാന്തിരം ബോർഡിന്റെ യൂട്യൂബ് ചാനൽ വഴിയും ബോർഡിന്റെ ഔദ്യോഗിക ഫേയ്സ്ബുക്ക് പേജ് വഴിയും പരിശീലനക്ലാസ്സുകൾ നൽകുന്നു. പി.എസ്.സി, യു.പി.എസ്.സി, റയിൽവേ, സിവിൽ സർവ്വീസ് തുടങ്ങിയ മത്സരപരീക്ഷകൾക്കും കരിയർ ഡവലപ്മെന്റുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കും ഓൺലൈൻ മുഖാന്തിരം പരിശീലനം നൽകുന്നു.

**ഗുണഭോക്താക്കൾ :** യൂട്യൂബ് ചാനൽ വഴി 9500 ൽപ്പരം പേരും ഫേയ്സ്ബുക്ക് പേജ് വഴി 9800 ൽപ്പരം പേരും ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി മാറും.

**9. പരിപാടിയുടെ പേര് : യുവസാഹിത്യ സെമിനാർ**

**പരിപാടി സംബന്ധിച്ച വിവരണം :** സാഹിത്യരംഗത്തെ പ്രഗത്ഭ വ്യക്തിത്വങ്ങളെയും തുടക്കക്കാരായ യുവ എഴുത്തുകാരെയും പങ്കെടുപ്പിച്ചുകൊണ്ട് കോഴിക്കോടും കൊല്ലത്തുമായി 2 സ്ഥലങ്ങളിൽ വച്ച് സാഹിത്യ ക്യാമ്പുകൾ സംഘടിപ്പിക്കുകയുണ്ടായി. അപേക്ഷകൾ ക്ഷണിക്കുകയും അവയിൽ നിന്നും

പ്രതിനിധികളെ തെരഞ്ഞെടുക്കുകയും ചെയ്തു. യുവസാഹിത്യക്യാമ്പ് കോഴിക്കോട് സർഗ്ഗാലയയിൽ വച്ച് 2021 ഡിസംബർ 17, 18, 19 തീയതികളിലും കൊല്ലം മൺട്രോതുരുത്തിൽ വച്ച് 2022 ജനുവരി 4, 5, 6 തീയതികളിലും സംഘടിപ്പിച്ചു.

**ഗുണഭോക്താക്കൾ :** കോവിഡ് സാഹചര്യമായതിനാൽ ഓരോ ക്യാമ്പിലും തിരഞ്ഞെടുത്ത 50 പേരെ മാത്രമാണ് പങ്കെടുപ്പിച്ചത്. ആകെ രണ്ട് ക്യാമ്പിലുമായി 100 യുവജനങ്ങൾ.

**10. പരിപാടിയുടെ പേര് : ഷോർട്ട്ഫിലിം ഫെസ്റ്റിവൽ (റീൽസ്)**

**പരിപാടി സംബന്ധിച്ച വിവരണം :** കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ റീൽസ് - 2021 എന്ന പേരിൽ ഷോർട്ട് ഫിലിം ഫെസ്റ്റിവെൽ സംഘടിപ്പിച്ചു. സ്വാതന്ത്ര്യം, ഭയം, പ്രതീക്ഷ എന്നീ മൂന്ന് വിഭാഗങ്ങളിലായി ഓൺലൈൻ മുഖേനയാണ് അപേക്ഷ ക്ഷണിച്ചത്. ഷോർട്ട് ഫിലിമുകളുടെ ദൈർഘ്യം 1 മുതൽ 5 മിനിട്ട് വരെയാണ്. ഓൺലൈനായി ലഭിച്ച ഷോർട്ട് ഫിലിമുകളിൽ നിന്നും പ്രാഥമിക സ്ക്രീനിംഗ് നടത്തി ഓരോ വിഭാഗത്തിൽ നിന്നും 10 ഫിലിമുകൾ വീതം ഫൈനൽ മത്സരത്തിലേക്ക് തിരഞ്ഞെടുക്കകയും, തിരഞ്ഞെടുത്തവയുടെ പ്രദർശനം നടത്തി അവയിൽ നിന്ന് ഓരോ മേഖലയിലേയും ഒന്നും രണ്ടും മൂന്നും സ്ഥാനക്കാരെ നിശ്ചയിച്ച് അവർക്ക് യഥാക്രമം 50,000, 25,000, 15,000 എന്നിങ്ങനെ ക്യാഷ് പ്രൈസും മൊമെന്റോയും നൽകി. മൂന്ന് വിഭാഗങ്ങളിലായി ആകെ 158 ഷോർട്ട് ഫിലിമുകളാണ് മത്സരത്തിനായി ലഭിച്ചത്. ഇവയിൽ നിന്നും പ്രാഥമിക സ്ക്രീനിംഗ് നടത്തി തെരഞ്ഞെടുത്ത 30 ഷോർട്ട് ഫിലിമികൾ ഫൈനൽ സ്ക്രീനിംഗിനായി തെരഞ്ഞെടുക്കുകയുണ്ടായി. സ്ക്രീനിംഗ് നടത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനാണ് സജ്ജമാക്കിയത്.

**ഗുണഭോക്താക്കൾ :** സംസ്ഥാനത്തെ 3600 ഓളം യുവജനങ്ങൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകുന്നു.

**11. പരിപാടിയുടെ പേര് : മണിനാദം (കലാഭവൻ മണി മെമ്മോറിയൽ ഓൺലൈൻ നാടൻ പാട്ട് മത്സരം)**

**പരിപാടി സംബന്ധിച്ച വിവരണം :** പ്രശസ്ത നാടൻപാട്ട് കലാകാരനായ കലാഭവൻ മണിയുടെ സ്മരണാർത്ഥം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ വർഷംതോറും ജില്ല - സംസ്ഥാനതല നാടൻപാട്ട് മത്സരം - മണിനാദം എന്ന പേരിൽ സംഘടിപ്പിച്ചുവരുന്നു. കലാഭവൻമണിയുടെ ചരമദിനമായ മാർച്ച് 6-ന് അദ്ദേഹത്തിന്റെ ജന്മനാടായ തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിൽ വച്ചാണ് മണിനാദം സംഘടിപ്പിക്കുന്നത്.

**ഗുണഭോക്താക്കൾ :** സംസ്ഥാനത്തെ 5000 ത്തോളം യുവജനങ്ങൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകുന്നു.

**12. പരിപാടിയുടെ പേര് : സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം (യൂത്ത് അവാർഡ്)**

**പരിപാടി സംബന്ധിച്ച വിവരണം :** സമൂഹത്തിന്റെ വിവിധ മേഖലകളിൽ സ്തുത്യർഹവും പ്രശംസനീയവുമായ പ്രകടനം കാഴ്ചവച്ച യുവജനങ്ങളെ സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം നൽകി അംഗീകരിക്കുന്നു.

**ഗുണഭോക്താക്കൾ :** സമൂഹത്തിലെ വിവിധ മേഖലകളിലുള്ള യുവജനങ്ങളും യൂത്ത്-യുവാക്ലബ്ബ് അംഗങ്ങളും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകുന്നു.

**13. പരിപാടിയുടെ പേര് : ഫോട്ടോഗ്രാഫി അവാർഡ്**

**പരിപാടി സംബന്ധിച്ച വിവരണം :** കല, കാർഷികം, സാമൂഹ്യപ്രതിബദ്ധതയുള്ള വിഷയങ്ങൾ എന്നീ മൂന്ന് വിഷയങ്ങളിലാണ് മത്സരങ്ങൾ സംഘടിപ്പിച്ചത്. ഫോട്ടോഗ്രാഫി അവാർഡിനുള്ള എൻട്രികൾ പത്രമാധ്യമങ്ങളിലൂടെ ക്ഷണിക്കുകയും മൂന്ന് വിഭാഗങ്ങളിലുമായി 327 ഓളം എൻട്രികൾ ലഭിക്കുകുകയും ചെയ്തു. മികച്ച ഫോട്ടോഗ്രാഫിക്ക് 50,000/-രൂപ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകി. പ്രാഥമിക പരിശോധന നടത്തി ഷോർട്ട്ലിസ്റ്റ് തയ്യാറാക്കുകയും അവാർഡ് നിർണ്ണയ ജൂറി ഓരോ വിഭാഗ

ത്തിലും അവാർഡ് നൽകുന്നതിനായി ഏറ്റവും മികച്ച ഫോട്ടോ തെരഞ്ഞെടുക്കുകയും ചെയ്തു. ഫോട്ടോഗ്രാഫി അവാർഡ് അവാർഡ് വിതരണം ഡിസംബർ 6 ന് കോട്ടയത്ത് വച്ച് ബഹു.ഫിഷറീസ് - സാംസ്ക്കാരിക- യുവജനകാര്യ വകുപ്പു മന്ത്രി ശ്രീ.സജി ചെറിയാൻ നിർവ്വഹിക്കുകയുണ്ടായി.

**ഗുണഭോക്താക്കൾ :** ഈ രംഗത്ത് പ്രവർത്തിക്കുന്ന സംസ്ഥാനത്തെ യുവജനങ്ങൾ.

## 14. പരിപാടിയുടെ പേര് : യുവമാധ്യമ സെമിനാർ

**പരിപാടി സംബന്ധിച്ച വിവരണം :** സാമൂഹ്യ പുരോഗതിയിൽ മാധ്യമങ്ങൾക്കുള്ള സ്വാധീനം, മാധ്യമരംഗത്തെ നൂതന പ്രവണതകൾ തുടങ്ങിയവ സംബന്ധിച്ച് യുവജനങ്ങൾക്കും, യുവമാധ്യമ പ്രവർത്തകർക്കും അവബോധം വളർത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടുകൂടി യുവജനക്ഷേമ ബോർഡ് യുവമാധ്യമ സെമിനാർ സംഘടിപ്പിച്ചു.

**ഗുണഭോക്താക്കൾ :** രണ്ട് ക്യാമ്പുകളിലുമായി 100 യുവജനങ്ങൾക്കാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകാൻ കഴിഞ്ഞത്.

## 15. പരിപാടിയുടെ പേര് : ദിനാചരണങ്ങൾ

**പരിപാടി സംബന്ധിച്ച വിവരണം :** ദേശീയ യുവജനദിനാഘോഷം, ഗാന്ധിജയന്തി, പരിസ്ഥിതിദിനാചരണം എന്നീ ദിനങ്ങളാണ് ഈ പദ്ധതിയുടെ ഭാഗമായി പ്രധാനമായും ആചരിക്കുന്നത്. പ്രസ്തുത ദിനാചരണങ്ങൾ എല്ലാ ജില്ലകളിലും സംഘടിപ്പിക്കുന്നു. സെമിനാറുകൾ, ക്വിസ് മത്സരം, വൃക്ഷത്തൈനടൽ, ശുചീകരണ പ്രവർത്തനങ്ങൾ തുടങ്ങിയവ ഈ പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ചു. എല്ലാ യൂത്ത് ക്ലബ്ബുകളുടെയും സഹകരണത്തോടെ പ്രാദേശിക വിഭവങ്ങളെയും ഉൾപ്പെടുത്തിയാണ് പദ്ധതി സംഘടിപ്പിച്ചത്.

**ഗുണഭോക്താക്കൾ :** സംസ്ഥാനത്തെ യുവജനങ്ങൾ.

## 16. പരിപാടയുടെ പേര് : യുവശക്തി

**പരിപാടി സംബന്ധിച്ച വിവരണം :** കേരളസംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ ജില്ലാതലങ്ങളിലും പ്രാദേശികതലങ്ങളിലും സംഘടിപ്പിക്കുന്നതിന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലങ്ങളിലും ജില്ലാതലത്തിലും ഓരോ യൂത്ത് കോ-ഓർഡിനേറ്റർമാരെ നിയോഗിച്ചിട്ടുണ്ട്. യൂത്ത് ക്ലബ്ബുകളെ സംഘടിപ്പിച്ച് സാമൂഹ്യ വികസന പ്രവർത്തനങ്ങൾ നടത്തുക, സന്നദ്ധ പ്രവർത്തനങ്ങൾ നടത്തുക, സാമൂഹ്യ നന്മയ്ക്കുള്ള മറ്റ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, കേരളോത്സവ പരിപാടികളിൽ യുവജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി പരിശ്രമിക്കുക, ഗ്രാമസഭകളിൽ യുവജനപങ്കാളിത്തം വർദ്ധിപ്പിക്കുക, ലേബർ ബാങ്ക് ഉൾപ്പെടെയുള്ള വിവിധ തൊഴിൽ അധിഷ്ഠിത പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങളെ താഴെത്തട്ടിൽ എത്തിക്കുക എന്നിവയാണ് യൂത്ത് കോ-ഓർഡിനേറ്റർമാരുടെ പ്രധാന ഉത്തരവാദിത്തങ്ങൾ. പ്രതിമാസ ഓണറേറിയം വ്യവസ്ഥയിലാണ് യൂത്ത് കോ-ഓർഡിനേറ്റർമാർ പ്രവർത്തിക്കുന്നത്.

**ഗുണഭോക്താക്കൾ :** പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ജില്ലാതലങ്ങളിലായി 1054 യുവജനങ്ങൾ ഈ പദ്ധതയുടെ പങ്കാളികളാകുന്നു.